**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.366 -**
**04/02/2020 ലെ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **ഡോ. ടി.എം. തോമസ് ഐസക്,**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |

| ചോദ്യം | മറുപടി |
|---|---|
| (എ) കേന്ദ്ര സർക്കാർ ജീവനക്കാർക്കായി 2019 ജനുവരി മുതലും ജൂലൈ മുതലും അനുവദിച്ച മൂന്ന് ശതമാനവും, അഞ്ച് ശതമാനവും ക്ഷാമബത്ത ഒരു വർഷം കഴിഞ്ഞിട്ടും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | തുടർച്ചയായുണ്ടായ പ്രകൃതിക്ഷോഭം മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ ബുദ്ധിമുട്ടുകൾ കാരണം ക്ഷാമബത്ത യഥാസമയം അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ബി) മറ്റ് സംസ്ഥാന സർക്കാരുകൾ തങ്ങളുടെ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ക്ഷാമബത്ത അനുവദിച്ച് നൽകിയിട്ടും, സംസ്ഥാനത്ത് മാത്രം അത് നിഷേധിക്കുന്നത് വില വർദ്ധനവ് മൂലം ദുരിതത്തിലായ ജീവനക്കാരുടെ ദുരിതം വർദ്ധിക്കുവാൻ ഇടയായിട്ടില്ലേയെന്ന് വ്യക്തമാക്കുമോ; | വരുന്ന സാമ്പത്തികവർഷം ഡിഎ നൽകുന്നതാണെന്ന് ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) രാജ്യത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാര വർദ്ധനയ്ക്ക് ആനുപാതികമായിട്ടാണോ ഓരോ ആറുമാസം കഴിയുമ്പോഴും ക്ഷാമബത്ത അനുവദിക്കുന്നത്; | കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ക്ഷാമബത്തയ്ക്ക് ആനുപാതികമായിട്ടാണ് സംസ്ഥാന സർക്കാർ ക്ഷാമബത്ത അനുവദിക്കുന്നത്. |
| (ഡി) എങ്കിൽ വിലക്കയറ്റം മൂലം ജീവിതം ദുസ്സഹമായ സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും അടിയന്തരമായി ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | വരുന്ന സാമ്പത്തികവർഷം ഡിഎ നൽകുന്നതാണെന്ന് ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ